# 2009 മെയ് 8 നു ബഹുമാനപ്പെട്ട സുപ്രീം കോടതി പുറപ്പെടുവിച്ച വിധിയുടെ സംഗ്രഹം.

1. രാഘവന്‍ കമ്മറ്റി നടത്തിയ പല ശുപാര്‍ശകളും ഉടന് നടപ്പിലാക്കേണ്ടതാണ് എന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതി കല്‍പ്പിച്ചു. ഇവയില്‍ ഉള്‍പ്പെടുന്നവ
    - കൌണ്‍സിലര്‍മാരുടെ നിയമനം, ജൂനിയര് വിദ്യാര്‍ഥികള് എത്തിയതിന് ശേഷം ഒന്നോ രണ്ടോ ആഴ്ച കഴിഞ്ഞ് സീനിയേര്‍സ് എത്തിച്ചേരുക; ഒരുമിച്ചുള്ള ബോധവല്‍ക്കരണ പരിപാടികള്, പുതുതായി എത്തുന്നവരേയും സീനിയേര്‍സിനേയും ഉള്‍പ്പെടുത്തികൊണ്ട് സ്ഥാപനത്തിന്റെ പ്രിന്‍സിപ്പാള്‍/ ഹെഡ് നടത്തുന്ന വ്യക്തിത്വ വികസന കോഴ്സ്, വലിയ തോതിലുള്ള സാംസ്കാരിക, കായിക പരിപാടികള് സംഘടിപ്പിക്കല്‍, ഹോസ്റ്റലില്‍ താമസിക്കുന്നവരോടൊപ്പം ബന്ധപ്പെട്ട അവരുടെ ഹോസ്റ്റലുകളില്‍ അദ്ധ്യാപകര്‍ ഒരുമിച്ച് ആഹാരം പങ്കിടല്‍ തുടങ്ങിയ ആത്മവിശ്വാസമുണ്ടാക്കുന്ന നടപടികള്‍.
    - ഓരോ സ്ഥാപനത്തിനും ഒരു റാഗിംഗ് വിരുദ്ധ കമ്മറ്റിയും ഒരു റാഗിംഗ് വിരുദ്ധ സ്ക്വാഡും ഉണ്ടായിരിക്കണം. യൂണിവേര്‍സിറ്റി തലത്തില് ഒരു റാഗിംഗ് മോണിറ്ററിംഗ് സെല്‍ ഉണ്ടായിരിക്കണം അത് ആ യൂണിവേര്‍സിറ്റിക്കു കീഴിലുള്ള കോളേജുകളും സ്ഥാപനങ്ങളും ആയി സഹകരിച്ച് പ്രവര്‍ത്തിക്കണം. സംസ്ഥാന യൂണിവേര്‍സിറ്റികളുടെ ചാന്‍സ്ലര് തലത്തില് ഒരു മോണിട്ടറിംഗ് സെല്‍ ഉണ്ടായിരിക്കണം.
    - ക്യാംപസുകള്‍ക്ക് വെളിയില് വാണിജ്യാടിസ്ഥാനത്തില് പ്രവര്‍ത്തിക്കുന്ന ലോഡ്ജുകളും ഹോസ്റ്റലുകളും വര്‍ദ്ധിച്ചു വരുന്ന സാഹചര്യത്തില്, അത്തരം ഹോസ്റ്റലുകളും അവയുടെ മാനേജ്മെന്റും പ്രാദേശിക പോലീസ് അധികാരികളുടെ അടുത്ത് രജിസ്റ്റര് ചെയ്തിരിക്കേണ്ടതാണ്, കൂടാതെ അത്തരം ഹോസ്റ്റലുകള് തുടങ്ങുന്നത് അല്ലെങ്കില്‍ രജിസ്റ്റര് ചെയ്യുന്നത് തീര്‍ച്ചയായും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മേലധികാരികളുടെ ശുപാര്‍ശയോട് കൂടി ആയിരിക്കണം. റാഗിംഗിന്റെ നിര്‍വചനത്തില് പെടുന്ന സംഭവങ്ങള്‍ക്കെതിരെ ജാഗ്രത ഉറപ്പാക്കേണ്ടത് പ്രാദേശിക പോലീസിന്റേയും പ്രാദേശിക ഭരണ കൂടത്തിന്റേയും സ്ഥാപന അധികാരികളുടേയും ചുമതലയാണ്.

- വാർഡൻമാര് എല്ലാ സമയത്തും പ്രാപ്യരായിരിക്കണം, ആയതിനാൽ അവര് ടെലഫോണിലോ അല്ലെങ്കില് മറ്റേതെങ്കിലും വിധത്തിലോ ലഭ്യമായിരിക്കേണ്ടതാണ് എന്ന കാര്യം പ്രധാനമാണ്. അതുപോലെ മറ്റ് പ്രധാന വ്യക്തികളുടെ ടെലെഫോൺ നമ്പറുകള് -- സ്ഥാപനങ്ങളുടെ ഹെഡ്സ്, അദ്ധ്യാപകര്, റാഗിംഗ് വിരുദ്ധ കമ്മറ്റിയുടെ അംഗങ്ങൾ, പ്രസക്തമെങ്കില് ജില്ലാതല സബ് ഡിവിഷണൽ തല അധികാരികള് എന്നിവരുടെ നമ്പറുകൾ ആവശ്യക്കാർക്കായി അടിയന്തിര ഘട്ടങ്ങളില് വിളിക്കുന്നതിന് അല്ലെങ്കില് സഹായം അഭ്യർത്ഥിക്കുന്നതിന് ആയി വ്യാപകമായി നല്കേണ്ടതാണ്.
- ഓരോ അക്കാഡമിക് സെഷന്റേയും തുടക്കത്തില് റാഗിംങ്ങിൽ പങ്കെടുക്കുകയോ അതിനു പ്രേരിപ്പിക്കുകയോ ചെയ്യില്ല എന്ന സമ്മതം നേടുന്നതിനായി ഓരോ വിദ്യാർത്ഥിക്കും ബ്രോഷറുകള് അല്ലെങ്കിൽ ബുക്ക് ലെറ്റുകൾ/ ലീഫ് ലെറ്റുകൾ വിതരണം ചെയ്യേണ്ടതാണ്. അതിൽ റാഗിംഗ് തടയുന്നതിന്റെയും പ്രശ്ന പരിഹാരത്തിന്റേയും വിശദാംശങ്ങൾ ഉണ്ടായിരിക്കണം.
- ഓരോ ഹോസ്റ്റലിലും, ഹോസ്റ്റലില് തന്നെ താമസിക്കുന്ന, അല്ലെങ്കിൽ അതിന്റെ ഏറ്റവും അടുത്ത കാഴ്ച വട്ടത്തില് താമസിക്കുന്ന ഒരു മുഴുവൻ സമയ വാർഡര് ഉണ്ട് എന്ന കാര്യം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉറപ്പാക്കണം.

2. ഡോ. രാജ് കച്രൂ നിർദേശിച്ച രീതിയില് ഭാരത സർക്കാരിന്റെ മാനവ വിഭവ ശേഷി മന്ത്രാലയം യുജിസി, എംസിഐ, എഐസിടിഇ, അത് പോലുള്ള മറ്റ് നിയന്ത്രണ അധികാരികള് എന്നിവരുമായി കൂടി ആലോചിച്ച് ഒരു കേന്ദ്ര ക്രൈസിസ് ഹോട്ട് ലൈനും റാഗിംഗ് വിരുദ്ധ ഡേറ്റാബേസും ഉണ്ടാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ തുടങ്ങിയ കാര്യം ബഹു. സുപ്രീം കോടതി അംഗീകരിച്ചു. എങ്കിൽ കൂടി ബഹു. സുപ്രീം കോടതി ഇവ കൂടി കൂട്ടി ചേർത്തു
    - പൊതുജനങ്ങളിൽ വിശ്വാസം വളർത്തുന്നതിനും നിയന്ത്രണ സ്ഥാപനങ്ങളെയും രാഘവൻ കമ്മറ്റിയേയും അനുസരിക്കാതിരിക്കുന്നതിന്റെ വിവരങ്ങൾ ലഭ്യമാകുന്നതിനുമായി ഭാരത സർക്കാർ നിർദേശിക്കുന്ന ഒരു സർക്കാരേതര ഏജൻസിക്ക് ഡേറ്റാബേസിന്റെ മേൽനോട്ട ചുമതല ഏൽപ്പിക്കേണ്ടതാണ്.

- ഓരോ വിദ്യാർത്ഥിയും അവന്റെ/ അവളുടെ മാതാപിതാക്കൾ/രക്ഷകർത്താക്കളും നല്കിയ സത്യവാങ്മൂലങ്ങൾ കൊണ്ടാണ് ഡേറ്റാബേസ് ഉണ്ടാക്കേണ്ടത് ഈ സത്യവാങ്മൂലങ്ങൾ ഇലക്ട്രോണിക്കലായി സ്റ്റോര് ചെയ്യേണ്ടതും അവയില് ഓരോ വിദ്യാർത്ഥിയുടേയും വിശദാംശങ്ങള് ഉണ്ടായിരിക്കേണ്ടതും ആണ്.
- ലഭിച്ച റാഗിംഗ് പരാതികൾ, അവയില് സ്വീകരിച്ച നടപടികളുടെ സ്റ്റാറ്റസ് എന്നിവയുടെ ഒരു രേഖയായും ഡേറ്റാബേസ് വർത്തിക്കുന്നു..

3. റാഗിംഗിന്റെ ഭീഷണി നിയന്ത്രിക്കുന്നതിനായി യുജിസി രൂപീകരിച്ച നിയന്ത്രണങ്ങൾ എഐസിടിഇ, എംസിഐ, ഡിസിഐ, എൻസിഐ മുതലായ എല്ലാ നിയന്ത്രണ സംവിധാനങ്ങളും സ്വീകരിക്കേണ്ടതാണ് എന്ന് ബഹു. സുപ്രീം കോടതി വിധിച്ചു.

4. അമൻ കച്രൂവിന്റെ മരണത്തിനിടയാക്കിയ സംഭവം മാർഗരേഖകളും നിയന്ത്രണങ്ങളും രൂപപ്പെടുത്തുന്നത് മാത്രം പോരേ എന്ന് വ്യക്തമായി സൂചിപ്പിക്കുന്നതായി ബഹു. സുപ്രീം കോടതി സമ്മതിച്ചു. ആയതിനാൽ, അത്തരം നിരന്ത്രണങ്ങൾ കർശനമായി നടപ്പാക്കേണ്ടതാണ്, കൂടാതെ റാഗിംഗ് തടയുന്നതിന് കൃത്യസമയത്ത് സടപടി സ്വീകരിക്കാത്തതും റാഗ് ചെയ്തവരെ ശിക്ഷിക്കാത്തതുമായ സ്ഥാപന തലവൻമാര് / സ്ഥാപന അധികാരികൾ ശിക്ഷാർഹരാണെന്നും ബഹു.സുപ്രീം കോടതി വിധിച്ചു. ശിക്ഷാർഹരാകുന്നത് കൂടാതെ റാഗിംഗ് പരാതികളോട് ഉദാസീന മനോഭാവമോ നിർവികാര സമീപനമോ കാണിക്കുന്ന സ്ഥാപന തലവൻമാര് / ഭരണകർത്താക്കള് / അദ്ധ്യാപകർ / അദ്ധ്യാപകേതര ജീവനക്കാർ എന്നിവർക്കെതിരെ വകുപ്പ് തല അന്വേഷണങ്ങളും നടത്തേണ്ടതാണ്.

5. റാഗിംഗിന്റെ ദുരിതങ്ങളെ കുറിച്ചും അവ തടയേണ്ടതിനെ കുറിച്ചും വിദ്യാർത്ഥികളെ മാത്രമല്ല അദ്ധ്യാപകരേയും ബോധവൽക്കരിക്കേണ്ടതാണ് എന്ന് ബഹു. സുപ്രീം കോടതി അഭിപ്രായപ്പെട്ടു. ഭരണതലത്തിലുള്ള ജീവനക്കാർ ഉൾപ്പെടുന്ന അദ്ധ്യാപകേതര ജീവനക്കാർ, കരാര് ജീവനക്കാര്, സെക്യൂരിറ്റി ഗാർഡുമാര് മുതലായവരെ കൂടി റാഗിംഗിന്റെ തിൻമയേയും അതിന്റെ പരിണിത ഫലങ്ങളെയും കുറിച്ച് നിരന്തരമായി ബോധവൽക്കരിക്കേണ്ടതാണ്.

6. ജീവനക്കാരിലെ അദ്ധ്യാപകരും അല്ലാത്തവരുമായ അംഗങ്ങൾ, സ്ഥാപനത്തില് ക്യാന്റീന് നടത്തുന്നതിനായി അല്ലെങ്കില് കെട്ടിടവും പരിസര പ്രദേശങ്ങളും വൃത്തിയാക്കുന്നതിനായി അല്ലെങ്കിൽ വാച്ച് ആൻഡ് വാർഡ് ആയി കരാര് അടിസ്ഥാനത്തിൽ ജോകി ചെയ്യുന്നവര് അടക്കം മുഴുവന് ജീവനക്കാരിൽ നിന്നും ഏതെങ്കിലും റാഗിംഗ് സാഹചര്യം അവന്റെ/അവളുടെ ശ്രദ്ധയിൽ പെട്ടാല് അത് കൃത്യമായി റിപ്പോർട്ട് ചെയ്തുകൊള്ളാമെന്ന് ഒരു സത്യവാങ്ഗ് മൂലം പ്രിൻസിപ്പാള് അല്ലെങ്കില് സ്ഥാപനത്തിന്റെ / വകുപ്പിന്റെ തലവൻ എഴുതി വാങ്ങേണ്ടതാണ് എന്നും ബഹു. സുപ്രീം കോടതി വിധിച്ചു. റാഗിംഗ് സംഭവങ്ങള് റിപ്പോർട്ട് ചെയ്യുന്ന ജീവനക്കാരുടെ സർവീസ് റെക്കോഡില് അത് രേഖപ്പെടുത്തുന്നതിനും അവർക്ക് അനുമോദന സർട്ടിഫിക്കറ്റുകള് നൽകുന്നതിനും ഉതകുന്ന വകുപ്പുകള് ചേർത്ത് സർവീസ് നിയമങ്ങളില് ചേർക്കേണ്ടതാണ്.

7. എന്തെങ്കിലും റാഗിംഗ് സംഭവം ഉണ്ടായാൽ അത് കൃത്യമായി സ്ഥാപനത്തിന്റെ തലവന്റെ ശ്രദ്ദയില് കൊണ്ടുവരുന്നതിനുള്ള ഉത്തരവാദിത്വം പുതിയ വിദ്യാർഥികളുടെ മാതാപിതാക്കൾ/ രക്ഷിതാക്കൾ ഏറ്റെടുക്കേണ്ടതാണെന്ന് സുപ്രീം കോടതി അഭിപ്രായപ്പെട്ടു.

8. ഒരു പ്രത്യേക കോളേജ് ഇരിക്കുന്ന പ്രദേശത്തിന്റെ ചുമതലയുള്ള എസ്എച്ച്ഓ/എസ്പിക്കു ആ കോളേജില് റാഗിംഗ് നടക്കുന്നില്ല എന്നും അവിടെ അത്തരം എന്തെങ്കിലും റാഗിംഗ് സംഭവമുണ്ടായാൽ അവ ഫലപ്രദമായി കൈകാര്യം ചെയ്തു എന്നും ഉറപ്പാക്കേണ്ട ചുമതലയുണ്ട് എന്ന് ബഹു. സുപ്രീം കോടതി അഭിപ്രായപ്പെട്ടു. ഒരിക്കൽ ഒരു ഡേറ്റാ ബേസ് / ഹോട്ട് ലൈൻ പ്രവർത്തിച്ച് തുടങ്ങിയാല്, ഉടന് തന്നെ ക്രൈസിസ് ഹോട്ട് ലൈൻ ജീവനക്കാര് കോളേജ് ഏത് എസ്എച്ച്ഓ/എസ്പി യുടെ നിയമ പരിധിയിലാണോ വരുന്നത് അവരെ ബന്ധപ്പെടുന്നതാണ്, പിന്നീട് അത്തരം എസ്എച്ച്ഓ/എസ്പി മാര് സംഭവം കാര്യക്ഷമമായി കൈകാര്യം ചെയ്യേണ്ടതും ക്രൈസിസ് ഹോട്ട് ലൈൻ ജീവനക്കാരോട് കൂടാതെ / അല്ലെങ്കിൽ സ്വതന്ത്ര നിരീക്ഷണ ഏജൻസിയോട് സഹകരിച്ച് പ്രവർത്തിക്കേണ്ടതുമാണ്. ഇത് റാഗിംഗ് സംഭവങ്ങൾ പേടി കൂടാതെയും കാലതാമസമില്ലാതെയും റിപ്പോർട്ട് ചെയ്യുവാന് ആളുകളെ

പ്രോൽസാഹിപ്പിക്കുകയും അവരില് ആത്മ വിശ്വാസം ഉണ്ടാക്കുകയും ചെയ്യും.

9. ഒരിക്കല് ഡേറ്റാ ബേസ് / ഹോട്ട് ലൈൻ പ്രവർത്തിച്ച് തുടങ്ങിയാൽ, സംസ്ഥാന സർക്കാരുകള് റാഗിംഗ് വിരുദ്ധ നിയമങ്ങൾ സ്ഥാപന തലവൻമാർക്കുള്ള നിയമപരമായ ശിക്ഷ കൂടി ഉൾപ്പെടുത്തികൊണ്ട് തിരുത്തി എഴുതേണ്ടതാണ് എന്ന് ബഹു. സുപ്രീം കോടതി അഭിപ്രായപ്പെട്ടു.